**തിരുവനന്തപുരം ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടി ഉത്തരവ്**

**പുറപ്പെടുവിക്കുന്നത് : സൂസൻ ഗോപി**

**വിഷയം:-** വനം വകുപ്പ് - ജീവനക്കാര്യം - അറ്റൻഡർ ഗ്രേഡ്-II തസ്തികയിലേക്ക് തസ്തികമാറ്റം വഴി ഓഫീസ് അറ്റൻഡന്റ്മാരെ നിയമിച്ചുകൊണ്ട് പുറപ്പെടുവിക്കുന്ന ഉത്തരവ്- സംബന്ധിച്ച്.

**സൂചന;-** ഈ ഓഫീസിലെ 5-07-2017 തീയതിയിലെ ഇ2-16/2013-ാം നമ്പർ കത്ത്.

**ഉത്തരവ് നമ്പർ ഇ2- 16/2013 തീയതി 22.08.2017**

നിലമ്പൂർ നോർത്ത് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിൽ അറ്റൻഡർ ഗ്രേഡ്-II തസ്തികയിൽ ഉണ്ടായ ഒഴിവിലേക്ക് തസ്തികമാറ്റം വഴി നിയമനം ലഭിക്കുവാൻ താൽപര്യവും യോഗ്യതയുമുള്ള ഓഫീസ് അറ്റൻഡന്റർമാരിൽ നിന്നും സൂചന (1) പ്രകാരം അപേക്ഷ ക്ഷണിച്ചിരുന്നു.

മേൽ പറഞ്ഞ ഒഴിവുകളിലേയ്ക്ക് ലഭ്യമായ അപേക്ഷകൾ പരിശോധിച്ചതിൽ അറ്റൻഡർ ഗ്രേഡ്-II തസ്തികയിലേക്ക് തസ്തികമാറ്റം വഴി നിയമനം ലഭിക്കുന്നതിന് ചട്ടപ്രകാരം നിശ്ചയിച്ചിട്ടുള്ള യോഗ്യതയുടെയും സീനിയോരിറ്റിയുടെയും അടിസ്ഥാനത്തിൽ മണ്ണാർക്കാട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ. മൊയ്തൂട്ടി അർഹനാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ശ്രീ. മൊയ്തൂട്ടി ഓഫീസ് അറ്റൻഡന്റിനെ 17000-37500 രൂപ ശമ്പള സ്കെയിലിൽ അറ്റൻഡറായി തസ്തികമാറ്റം അനുവദിച്ചുകൊണ്ടും ടിയാനെ നിലമ്പൂർ നോർത്ത് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിൽ നിയമനം നൽകികൊണ്ടും ഉത്തരവാകുന്നു.

മേൽപ്പറഞ്ഞ ഓഫീസ് അറ്റൻഡന്റിന് മേൽ വിവരിച്ച ശമ്പള സ്കെയിലിൽ സമയബന്ധിത ഹയർ ഗ്രേഡ്/ റേഷ്യോ. പ്രൊമോഷൻ ലഭിച്ചിട്ടുണ്ടെങ്കിൽ തസ്തികമാറ്റം വഴിയുള്ള ശമ്പള നിർണ്ണയത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ.**

**To**

ശ്രീ. മൊയ്തൂട്ടിക്ക് മേലധികാരി മുഖേന നൽകുന്നു.

D:\Sathi 2017\Admin\E2\E2-16-13 Procee 22-08-217 Docx.Docx

പകർപ്പ്

1. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, അറിവിലേക്കായ്
2. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (എഫ്.എം.ഐ.എസ്)-ന് വെബ്സൈറ്റൽ അപ്ലോഡ് ചെയ്യുന്നതിലേക്കായി
3. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, നിലമ്പൂർ നോർത്തിന് അറിവിനും തുടർനടപടികൾക്കുമായി
4. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ മണ്ണാർക്കാടിന് അറിവിനും തുടർനടപടികൾക്കുമായി നൽകുന്നു.